| പതിനാലാം കേരള നിയമസഭ | | | |
|---|---|---|---|
| ഏഴാം സമ്മേളനം | | | |
| നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.1643 | | 14/08/2017 ൽ മറുപടിക്ക് | |
| ഭരണം സുതാര്യവും അഴിമതിമുക്തവുമാക്കാൻ നടപടി | | | |
| ചോദ്യം | | മറുപടി | |
| ശ്രീ.റ്റി.വി.രാജേഷ്<br>,, സി. കെ. ശശീന്ദ്രൻ<br>,, ഐ.ബി. സതീഷ്<br>,, പി.കെ. ശശി | | ശ്രീ.പിണറായി വിജയൻ<br>(മുഖ്യമന്ത്രി) | |
| (എ) | സംസ്ഥാന ഭരണം സുതാര്യവും അഴിമതിമുക്തവുമാക്കാൻ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്; | (എ) | സംസ്ഥാന സിവിൽ സർവ്വീസിലെ അഴിമതിയും കൈക്കൂലിയും അവസാനിപ്പിക്കുന്നതിനായി വിജിലൻസ് ആന്റ് ആന്റി കറപ്ഷൻ ബ്യൂറോയുടെ നേതൃത്വത്തിൽ പലപ്രകാരമുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. പരാതികളിന്മേൽ അന്വേഷണം, മിന്നൽ പരിശോധന, ത്വരിത പരിശോധന, വിജിലൻസ് അന്വേഷണം, ഓഫീസ് സന്ദർശനങ്ങൾ, ബോധവൽക്കരണ പരിപാടികൾ എന്നിവ നടത്തുന്നുണ്ട്. |
| (ബി) | 'സീറോ ടോളറൻസ് റ്റു കറപ്ഷൻ' എന്ന ലക്ഷ്യത്തോടെ സർക്കാർ വകുപ്പുകളിലെ അഴിമതി സൂചിക തയ്യാറാക്കാൻ നടപടി സ്വീകരിച്ചിട്ടുണ്ടോ; വിശദമാക്കുമോ; | (ബി) | 'സീറോ ടോളറൻസ് റ്റു കറപ്ഷൻ' എന്ന ലക്ഷ്യത്തോടെ സർക്കാർ വകുപ്പുകളിലെ അഴിമതി സൂചിക തയ്യാറാക്കാൻ ആഗോള അഴിമതി വിരുദ്ധ സംഘടനയായ ട്രാൻസ്പെരൻസ് ഇന്റർനാഷണലിന്റെ മാർഗ്ഗ രീതികൾ അവലംബിച്ച് നടപടി സ്വീകരിച്ചിട്ടുണ്ട്. |
| (സി) | അഴിമതി നിർമ്മാർജ്ജനത്തിന് പൊതുജനങ്ങളുടെ പങ്കാളിത്തം ഉറപ്പുവരുത്തുന്നതിനായി എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്; | (സി) | അഴിമതി നിർമ്മാർജ്ജനത്തിന് പൊതുജനങ്ങളുടെ പങ്കാളിത്തം ഉറപ്പുവരുത്തുന്നതിനായി എറൈസിംഗ് കേരള, വിസിൽ നൗ എന്നീ മൊബൈൽ ആപ്പുകൾ വഴി അഴിമതിയെക്കുറിച്ചുള്ള വിവരങ്ങൾ നേരിട്ട് നൽകുവാൻ പൊതുജനങ്ങൾക്ക് അവസരം ലഭ്യമാക്കിയിട്ടുണ്ട്. |
| (ഡി) | അഴിമതി സംബന്ധിച്ച വിവരങ്ങൾ വെളിപ്പെടുത്തുന്നവർക്ക് അവാർഡ് പ്രഖ്യാപിച്ചിട്ടുണ്ടോ; വിശദാംശം നല്കുമോ? | (ഡി) | അഴിമതി സംബന്ധിച്ച വിവരങ്ങൾ വെളിപ്പെടുത്തുന്നവർക്ക് വിസിൽ ബ്ലോവർ അവാർഡ് പ്രഖ്യാപിച്ചിട്ടുണ്ട്. ഒരു കോടി രൂപയിൽ കൂടുതൽ അഴിമതി കണ്ടെത്തുവാൻ സഹായിക്കുന്ന വ്യക്തികൾക്ക് 5 ലക്ഷം രൂപ വീതം പാരിതോഷികം നൽകുന്നതിനുള്ള പദ്ധതിയാണ് വിസിൽ ബ്ലോവർ അവാർഡ്. |

സെക്ഷൻ ഓഫീസർ